**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1295** **14-03-2022 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ശരിയായ ശാരീരികവ്യായാമത്തിന്റെ അഭാവം മൂലം കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ രൂപപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | തുടർച്ചയായ സ്ക്രീൻ ഉപയോഗത്തിലൂടെ കുട്ടികൾക്ക് തലവേദന, കണ്ണിന് ക്ഷീണം,കഴുത്തു വേദന, പുറം വേദന,മങ്ങിയ കാഴ്ച തുടങ്ങിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ പ്രത്യേക കാലഘട്ടത്തിൽ വ്യായാമത്തിന്റെ കുറവ് കുട്ടികളുടെ കായിക ക്ഷമതയിൽ കുറവു വരുന്നതിനു ഇടയാക്കിയിട്ടുണ്ട്. ഇത് അമിതവണ്ണം, വിവിധ ജീവിതശൈലീ രോഗങ്ങൾ എന്നിവ വന്നുഭവിക്കുന്നതിനും കാരണമായിട്ടുണ്ട്. |
| (ബി) | എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തൊക്കെ പ്രത്യേക പരിപാടികളാണ് സ്കൂളുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ കുട്ടികൾക്ക് വീട്ടിലിരുന്നുകൊണ്ട് തന്നെ വ്യക്തിഗതമായി അഭ്യസിക്കുവാൻ കഴിയുന്ന പരിശീലന വീഡിയോകൾ തയ്യാറാക്കി സംപ്രേക്ഷണം ചെയ്തിട്ടുണ്ട്. നിലവിൽ യുട്യൂബിൽ അപ് ലോഡ് ചെയ്തിട്ടുള്ളവയായതിനാൽ ഏതു സമയത്തും കുട്ടികൾക്ക് സ്വതന്ത്രമായി ഇത്തരം ക്ലാസ്സുകൾ കണ്ട് പരിശീലനത്തിൽഏർപ്പെടാവുന്നതാണ്. കൂടാതെ സ്കൂൾ തുറന്ന പശ്ചാത്തലത്തിൽ വിദ്യാലയം കേന്ദ്രീകരിച്ച് കുട്ടികളുടെ ശാരീരിക, മാനസിക വികാസത്തിന് അനുഗുണമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നതിനുള്ള പ്രത്യേക പരിശീലനവും അധ്യാപകർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ